# SAMPLE QUESTION PAPER FOR SUMMATIVE ASSESSMENT

**First Term - 2010**

## MALAYALAM

**Class : X** **Time : 3 Hrs.**
**Code : 012** **Marks : 80**

---

## SECTION - A / A - വിഭാഗം 8 Marks

**I.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:

സൗന്ദര്യബോധമാണ്, യുക്തി ബോധമല്ല, സാഹിത്യത്തിന്റെ അധിഷ്ഠാനം - കവിയുടെ ഭാവാത്മകമായ സൗന്ദര്യ ബോധത്തിൽനിന്നാണ് അത് ഉറവെടുക്കുന്നത്, സഹൃദയന്റെ ഭാവാത്മകമായ സൗന്ദര്യ ബോധത്തിലാണ് ചെന്നു ലയിക്കുന്നതും. ആ വിധമുള്ള സാഹിത്യത്തിന്റെ ഉൽക്കർഷാപകർഷങ്ങളെ യുക്തി കൊണ്ടു സമർത്ഥിക്കുകയോ, നിഷേധിക്കുകയോ, രണ്ടും സാധ്യമല്ല. ഇതാണ് സാഹിത്യത്തിന് ശാസ്ത്രത്തിൽ നിന്നുള്ള വ്യത്യാസം. ശാസ്ത്രം യുക്തിയിൽ അധിഷ്ഠിതമാണ്, യുക്തി കൊണ്ടുതന്നെ സമർത്ഥിക്കാവുന്നതും നിഷേധിക്കാവുന്നതുമാണ്.

പൊതുവെ സാഹിത്യ സമീക്ഷകന്മാർ പണ്ടേ കൈക്കൊണ്ടിട്ടുള്ള നിലയാണ് ഇത്. മറ്റൊരുവിധം പറഞ്ഞാൽ, സൗന്ദര്യബോധം യുക്തി ബോധത്തെ കവിഞ്ഞു നിൽക്കുന്ന ഒരനുഗ്രഹവും, പലപ്പോഴും യുക്തി ബോധത്തിനെതിരായ ഒരുനിർവചനീയതയുമാണെന്നാണ് വെയ്പ്. ഇതുമൂലം സാഹിത്യ സംബന്ധികളായ വിവാദങ്ങളിൽ സൗന്ദര്യബോധം ശരി എന്നൊപ്പുവച്ചതിന്റെ മേൽ പിന്നെ യുക്തി ചിന്ത കൈവെച്ചു കൂടാ. പ്രഭാതോദയത്തിനു മുന്നിൽ നക്ഷത്രങ്ങളെന്നപോലെ സൗന്ദര്യ പ്രതീതിക്കു മുമ്പിൽ യുക്തി ചിന്തകൾ മങ്ങി മാഞ്ഞുകൊള്ളണമെന്ന ഒരു നിലയാണ് പരക്കെ കൈക്കൊള്ളാറുള്ളത്.

1. സാഹിത്യത്തിന്റെ അധിഷ്ഠാനം എന്താണ് ? **2**
2. ശാസ്ത്രവും സാഹിത്യവും തമ്മിലുള്ള വ്യത്യാസം എന്താണ് ? **2**
3. സൗന്ദര്യം ബോധത്തിനുമേൽ യുക്തി ചിന്ത കൈവച്ചുകൂടാ എന്നു പറയുന്നത് എന്തുകൊണ്ട് ? **2**
4. സൗന്ദര്യ പ്രതീതിയേയും യുക്തി ചിന്തയേയും സംബന്ധിച്ച് പൊതുവെ അംഗീകരിക്കപ്പെട്ട തത്വമെന്താണ് ? **2**

## SECTION - B / B - വിഭാഗം 14 Marks

**II. 1) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. : 7**

a) പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത
b) മൊബൈൽ ഫോണുകളുടെ ദുരുപയോഗം.
c) കുടുംബ ബന്ധങ്ങളുടെ പവിത്രത - ഭാരതീയ സങ്കൽപത്തിൽ

**2) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിൽ സമൂഹത്തിനുള്ള പ്രതിഷേധം അറിയിച്ചുകൊണ്ട് പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക. : 7**

## SECTION - C / C - വിഭാഗം 18 Marks

**III. 1) പ്രയോഗം മാറ്റുക. : 1**

ചെറുശ്ശേരി ലോകം കണ്ടത് ഭഗവാൻ ശ്രീകൃഷ്ണന്റെ ലീല എന്ന നിലയ്ക്കാണ്.

**2) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധ വാക്യമാക്കി മാറ്റുക :** **1**

കൃഷ്ണഗാഥയുടെ ആദ്യത്തേതിലും അവസാനത്തേതിലും ചേർത്ത വിനയ പ്രകടനങ്ങൾ കവിയുടെ ആത്മവിശ്വാസത്തിന്റെയും അഭിമാനത്തിന്റെയും പുറംതോടുകൾ മാത്രമാണ്.

**3) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക :** **1**

എല്ലാം ഭഗവദ് ദർപ്പണമായി കാണാൻ വെമ്പുന്ന കവി വെറും ശബ്ദംകൊണ്ടുതന്നെ വായനക്കാരെ ആനന്ദ സ്തബ്ധരാക്കാൻ ശക്തനാണ്.

**4) അന്വാഖ്യാന രൂപത്തിലാക്കുക :** **1**

ദുര്യോധനൻ : വൃകോദരാ ; പറയരുതാത്തതാണ് നീ പറഞ്ഞത്.

**5) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക :** **2**

a) ഉള്ളറ

b) തേർത്തടം

**6) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക :** **2**

a) ശപ്താഭിമാനം

b) ഈശ്വര സൃഷ്ടി

**7) a. പര്യായപദങ്ങൾ എടുത്തെഴുതുക :**

1. പട്ട് **1**
   (നീരാളം, ദുകൂലം, ചാരുത, ചേല)
2. മുകുരം **1**
   (ആദർശം, പ്രതിബിംബം, ദർപ്പണം, ചക്ഷുസ്സ്)

**b. നാനാർത്ഥ പദങ്ങൾ എടുത്തെഴുതുക :**

1. പാഷാണം **1**
   (പ്രാണി, കല്ല്, സസ്യം, വിഷം)
2. കൂറ് **1**
   (സ്നേഹം, അപമാനം, പക്ഷം, അവകാശം)

**c. വിപരീത പദമെഴുതുക :**

1. സിദ്ധം **1**
   (പ്രസിദ്ധം, നിഷിദ്ധം, വൃദ്ധി, വർദ്ധിതം)
2. ആഭിമുഖ്യം **1**
   (വൈമുഖ്യം, ആമുഖം, പ്രാമുഖ്യം, ദ്വേഷം)

**d. പദങ്ങളുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക :** **2**

1. നമ്രം - കമ്രം
   (വിളഞ്ഞ, കുനിഞ്ഞ, കൂട്ടം, മനോഹരം, പ്രാർത്ഥന, യാഗം)

**e. എതിർലിംഗ പദം എടുത്തെഴുതുക :**

1. പ്രസാധകൻ **1**
   (പ്രസാധകി, പ്രസാധിക, പ്രസാധക, പ്രസാധനം)
2. ഇന്ദ്രൻ **1**
   (ഇന്ദിര, ഇന്ദ്രാണി, ഇന്ദ്രത, ഇന്ദ്രാക്ഷി)

## SECTION - D / D - വിഭാഗം **40 Marks**

**IV. 1) ശരിയായ ഉത്തരം എടുത്തെഴുതുക. :** **8 × ½ = 4**

a) കർണ്ണനൊത്ത വില്ലാളിയില്ലന്നുറപ്പായി - ആർക്ക് ?
(ഭീഷ്മർ, ദുര്യോധനൻ, യുധിഷ്ഠിരൻ, ഭീമൻ)

b) കൃഷ്ണഗാഥയ്ക്ക് അവലംബമായ കൃതി ഏത് ?
(മഹാഭാരതം, ഭാഗവതം, ശ്രീകൃഷ്ണചരിതം മണിപ്രവാളം, ശ്രീകൃഷ്ണ വിലാസം)

c) ഇതിഹാസ കവി ഇവിടെ അസാധാരണമായ നാടകീയ ഭംഗിയോടെ കാഴ്ച വെച്ചിരിക്കുന്നു - ഇതിഹാസ കവിയാര് ?
(ചെറുശ്ശേരി, വ്യാസൻ, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ)

d) മുപ്പുരം വേവിച്ച കണ്ണുമായി പാഞ്ഞു തുടങ്ങിയതാര് ?
(വിഷ്ണു, കൃഷ്ണൻ, ശിവൻ, ബ്രഹ്മാവ്)

e) പരമോത്സവ വദ്രാതി എന്ന് കവി വിശേഷിപ്പിച്ചതാരെയാണ് ?
(പ്രേമത്തെ, പ്രകൃതിയെ, പരമാത്മാവിനെ, പരോപകാരത്തെ)

f) അല്ലിമലരിനെ മെല്ലെ മെല്ലെ
ഉല്ലസിപ്പിക്കുമുഷസ്സുപോലെ - ഈ വരികളിലെ അലങ്കാരം
(ഉത്പ്രേക്ഷ, രൂപകം, ഉപമ, വിരോധാഭാസം)

g) വസ്തുക്കൾ പേശലമാകുന്നത് എപ്പോൾ
(മനസ്സിൽ വെൺമയുള്ളപ്പോൾ, പ്രേക്ഷകനില്ലാത്തപ്പോൾ, പ്രേക്ഷകനുള്ളപ്പോൾ, വിളക്ക് കൈവശമുള്ളപ്പോൾ)

h) പ്രേഷ്ഠരവരോട് യാത്രചോല്ലൂ ആരാണ് പ്രേഷ്ഠർ ?
(ഗുരു, പൂക്കൾ, കിളികൾ, അച്ഛൻ)

**2) ഉത്തരമെഴുതുക. :**

a) അർജ്ജുനൻ പ്രകടിപ്പിച്ച അത്ഭുതങ്ങൾ എന്തെല്ലാം ? **3**

b) കൃഷ്ണഗാഥയുടെ മഹത്വത്തിന്റെ കാരണങ്ങളിൽ അനുപേക്ഷണീയമായത് എന്ത് ? **3**

c) സന്ദർഭവും ആശയവും വിശദീകരിക്കുക. **3**

"ശ്വാവിന്നോ യജ്ഞത്തിലെ പുരോഡാശം !"

d) വിപുലമായ ബാഹ്യലോകംപോലെ അഗാധമായ മാനസിക ലോകവും.
'കരതലാമലകമാണദ്ദേഹത്തിന്' ആർക്ക് ? എന്തുകൊണ്ട് ? **3**

**3) a.** മാരണ ദേവതയാമതു മാറ്റും മണവറ പട്ടടയായ്,
മടുമലർവാടിക മരുപ്പറമ്പായ്, വാനം നരകമായ്. - ആശയവും അലങ്കാരവും വ്യക്തമാക്കുക **3**

b) പെങ്ങളുടെ ചുണ്ടിൽ കുസൃതിച്ചിരി ഉണ്ടാവാൻ കാരണമെന്ത് ? **3**

c) പ്രേമത്തെ പാർവണ ശശി ബിംബത്തോട് സാദൃശ്യപ്പെടുത്തിയതിന്റെ സാംഗത്യം എന്ത്? **3**

d) അച്ഛന്റെ അഭിപ്രായത്തിൽ എന്തിനെയാണ് വിജ്ഞാനം എന്ന് വിളിച്ചു വരുന്നത് ? **3**

**4) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **2 × 6=12**

a) അപ്പു ദ്വീപിലകപ്പെടാൻ ഇടയായ സംഭവം ചുരുക്കി എഴുതുക.

b) ദ്വീപിൽ അപ്പുവിനുണ്ടായ അനുഭവങ്ങൾ വിവരിക്കുക ?

c) മുത്താമയെക്കുറിച്ച് ഒരു ലഘു വിവരണം നൽകുക.